# പെസഹാവ്യാഴം : 2009 ഏപ്രിൽ 9

അനുദിനം നാം ആഘോഷിക്കുകയും അനുഭവിക്കുകയും ഉൾക്കൊള്ളുകയും ജീവിക്കുകയും ചെയ്യുന്ന മിശിഹാരഹസ്യങ്ങളെ നാം ആഴത്തിൽ അനുസ്മരിക്കുന്ന ദിനമാണിന്ന്. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ചൈതന്യം നിറഞ്ഞ ഹൃദയത്തോടെ, എമ്മാവൂസിലേയ്ക്കുപോയ ശിഷ്യരെപ്പോലെ വചനം കേട്ട് ജ്വലിക്കുന്ന ഹൃദയവുമായി, മുറിക്കപ്പെടാൻ പോകുന്ന അപ്പത്തിനു ചുറ്റും, ഈ വിരുന്നുശാലയിൽ ഊട്ടുമേശയ്ക്കു ചുറ്റും ക്രിസ്തുവിനോടൊപ്പം നാം അണഞ്ഞിരിക്കുകയാണ്. ഈ ബലി മേശയ്ക്കു ചുറ്റും നമ്മെ ഒരുമിച്ചു കൂട്ടാൻ നിദാനമായ ആ രാത്രി, രാത്രികളുടെ രാത്രി എന്നു വിശേഷിപ്പിക്കപ്പെടുന്ന രാത്രി, ''ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു'' എന്നു പറഞ്ഞുകൊണ്ട് ക്രിസ്തു തന്നെ തന്നെ മുറിച്ചു നല്കിയ ആ പെസഹാരാത്രിയിലേക്ക് നമ്മുടെ ചിന്തകളെ നമുക്കു തിരിക്കാം.

ഓരോ യഹൂദനെയും സംബന്ധിച്ചിടത്തോളം പെസഹാ, രക്ഷയുടെ ഓർമ്മപ്പെടുത്തലാണ്; ഈജിപ്തിലെ അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കു നയിച്ച ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിനെ അനുസ്മരിക്കുന്ന അവസരം. ഈശോയും ശിഷ്യരും പെസഹാ ആചരിക്കാൻ ഒരുമിച്ചു കൂടുന്നു. ശിഷ്യന്മാർക്ക് ഈ പെസഹായിൽ പ്രത്യേകിച്ച് ഒന്നും കാണാനില്ല. എന്നാൽ ഈശോയെ സംബന്ധിച്ചിടത്തോളം അവൻ അവസാന പെസഹായ്ക്കു ഒരുങ്ങുകയായിരുന്നു.

പെസഹായ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായിരിക്കുന്ന ഊട്ടുശാല. അവിടേയ്ക്ക് ശിഷ്യർ ഓരോരുത്തരായി കടന്നു വന്നുകൊണ്ടിരുന്നു. മൂന്നു വർഷം കൂടെ നടന്നിട്ടും യഥാർത്ഥ ക്രിസ്തുവിനെ തിരിച്ചറിയാതെ, അവനെ ഒരു രാഷ്ട്രീയ വിമോചകനായി മാത്രം കണ്ടുകൊണ്ട്, ഒരു ഭൗതീക രാജാവായി കണ്ട് അവൻ സ്ഥാപിക്കുന്ന രാജ്യത്തിൽ ഉന്നത സ്ഥാനങ്ങൾ ഉറപ്പിക്കാനായി അവർ ഇപ്പോഴെ മുഖ്യസ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നു. വിരുന്നുകളിൽ മുഖ്യസ്ഥാനങ്ങൾ തിരഞ്ഞെടുക്കരുത് എന്ന കല്പന അവർ വിസ്മരിക്കുന്നു. ഈ ധൃതിക്കിടയിൽ തങ്ങളുടെ പാരമ്പര്യമനുസരിച്ച് സ്വയം ശുദ്ധിവരുത്താനോ, ഗുരുവിന്റെ കാലുകൾ ശുചിയാക്കാനോ അവർ തയ്യാറാകുന്നില്ല. എന്നാൽ ഇവിടെ ക്രിസ്തു വീണ്ടും, വിനീതനാകുന്നു, എളിയവനാകുന്നു, ദാസനാകുന്നു, അടിമയാകുന്നു,- ശിഷ്യരുടെ പാദങ്ങൾ കഴുകികൊണ്ട്, അധികാരത്തിന്റെ മേലങ്കി മാറ്റി എളിമയുടെ കച്ച ധരിച്ച്, വലിയവൻ ദാസനാകണം എന്ന പാഠം ജീവിതത്തിലൂടെ വീണ്ടുമവൻ പഠിപ്പിക്കുകയാണ്. ഇവിടെ മറ്റൊന്നുകൂടി അവിടുന്ന് അർത്ഥമാക്കുന്നുണ്ട് - തന്റെ ശരീരരക്തങ്ങൾ മുറിച്ചുനല്കാൻ പോകുന്ന മേശയ്ക്കുചുറ്റും ഇരിക്കുന്ന ഇവർ ശുദ്ധിയുള്ളവരായിരിക്കണം,-ശരീരംകൊണ്ടും മനസ്സുകൊണ്ടും. അതാണ് അവിടുന്ന് ഇവിടെ ചെയ്യുന്നതും.

അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ തന്റെ ശരീരരക്തങ്ങളെ അവർക്ക് ഭക്ഷണമായി നൽകുന്നു. അവർക്കുവേണ്ടി അവൻ മുറിക്കപ്പെടുന്നു. പഴയനിയമ പെസഹാകുഞ്ഞാടിന്റെ രക്തത്തിനു പകരമായി സ്വന്ത രക്തത്താൽ അവൻ പുതിയ ഉടമ്പടി

മുദ്ര ചെയ്തു. അവൻ രക്ഷ കൊണ്ടുവന്നു. ആ ഓർമ്മയാണ് നാം അനുദിന ബലിയിൽ അനുസ്മരിക്കുന്നത്.

ഈപെസഹാനമുക്ക്നല്കുന്നസന്ദേശവുമിതാണ്. ക്രിസ്തു നമുക്കുവേണ്ടി മുറിക്കപ്പെട്ടതുപോലെ നാമും മുറിയപ്പെടണം. ക്രിസ്തുവിനുവേണ്ടി മുറിയപ്പെടുമ്പോൾ നാം അവന് സ്വന്തമാവുകയാണ്. അപരനുവേണ്ടി മുറിയപ്പെടുമ്പോൾ, അവനുഭക്ഷണമാകുമ്പോൾ, സാന്ത്വനമാകുമ്പോൾ അവന് ഞാൻ സ്വന്തമാവുകയാണ്. മുറിയപ്പെടുലുകൾ വേദനാജനകമാണ്. മുറിയപ്പെടുന്നതിന്റെ വേദന നാം ഗത്സേമനിയിലും, കാൽവരിയിലും കണ്ടുമുട്ടുന്നുണ്ട്. പക്ഷെ അവൻ കാൽവരിയിൽ മുറിയപ്പെട്ടപ്പോൾ, അവൻ ലോകത്തിനു സ്വന്തമായി.

നമുക്കും നമ്മുടെ ജീവിതങ്ങളിലേയ്ക്ക് ഒന്നു തിരിഞ്ഞു നോക്കാം. ആർക്കെങ്കിലുമൊക്കെ വേണ്ടി മുറിയപ്പെടുമ്പോഴാണ് നമ്മുടെ ജീവിതങ്ങൾക്കും അർത്ഥമുണ്ടാവുന്നത്. നമുക്കു മുമ്പേ നടന്നുനീങ്ങിയ വിശുദ്ധരും പൂർവ്വീകരും കാണിച്ചുതന്ന വഴിയും മറ്റൊന്നല്ല. അതിനാൽ നമ്മുടെ വ്യക്തിജീവിതത്തിൽ, സമൂഹജീവിതത്തിൽ അപരനുവേണ്ടി മുറിയപ്പെടുന്നവരാകാം. ഇങ്ങനെ പറഞ്ഞുകേട്ടിട്ടുണ്ട്, അപ്പനാകുക എന്നാൽ അപ്പമാവുക എന്നാണർത്ഥം, അമ്മയെന്നാൽ അമ്മിഞ്ഞയെന്നും. അപ്പൻ മക്കൾക്കുവേണ്ടി മുറിഞ്ഞ് ഭക്ഷണമാകുമ്പോൾ, സ്വന്തം വേദനകൾ മറന്ന് മക്കൾക്ക് സ്നേഹസാന്ത്വനമാകുമ്പോൾ അപ്പന്റെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നു. അമ്മയുടെ മാറ് കുഞ്ഞിനെന്നും സുരക്ഷിതസ്ഥാനമാണ്, അവൻ തന്റെ ജീവൻ നിലനിർത്തുന്നതിനാവശ്യമായ ഭക്ഷണവും അവിടുന്നാണ് സ്വീകരിക്കുന്നത്. കുഞ്ഞിന് അമ്മ അമ്മിഞ്ഞയാണ്.

ഈ പെസഹാദിനത്തിൽ, സ്വയം ശൂന്യനായി ഒരു ഓസ്തിരൂപനായി എന്നിൽ വരുന്ന ക്രിസ്തുനാഥനെ ഓർക്കുമ്പോൾ, സ്വയം മുറിക്കപ്പെട്ട്, തന്റെ ശരീരരക്തങ്ങൾ നമുക്ക് ഭക്ഷണമായി നല്കുമ്പോൾ, ആ മേശയിൽ നിന്ന് ജീവിക്കുന്ന ക്രിസ്തുവിനെ അവന്റെ ശരീരരക്തങ്ങളെ ഉൾക്കൊള്ളുന്ന നമുക്കും അപരനുവേണ്ടി മുറിക്കപ്പെടാനാകുമ്പോൾ, ക്രിസ്തുവിന്റെ സ്വന്തമാകാനാകുമ്പോൾ, അങ്ങനെ എളിയവനാകാനാകുമ്പോൾ എന്റെ ജീവിതവും അർത്ഥവത്താകും; അത് ഒരു ബലിയായിത്തീരും; എന്റെ ബലിയർപ്പണങ്ങൾ ജീവസ്സുറ്റതാകും. ഈ ചിന്തകളെ മനസ്സിൽ ഉൾകൊണ്ടുകൊണ്ട് ഈ ബലിപീഠത്തിനു ചുറ്റും ആ മിശിഹാരഹസ്യങ്ങളിൽ നമുക്കു പങ്കുകൊള്ളാം.

**ഡീക്കൻ മാർട്ടിൻ പൊൻമ്പനാൽ**